ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## <u>കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലെ ഒഴിവുകൾ നികത്തുന്നതിന് നിയമസഭാസാമാജികരിൽ നിന്നും നാല് അംഗങ്ങളുടെ തിരഞ്ഞെടുപ്പ്</u>

[1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റിന്റെ 17-ാം വകുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (3)-ാം ഇനം അനുസരിച്ച്]

**വിജ്ഞാപനം**

**നമ്പർ** KLS/4793/2026-Legin 2 **തിരുവനന്തപുരം, 21 ആഗസ്റ്റ് 2026.**

1975-ലെ കാലിക്കറ്റ് സർവ്വകലാശാലയുടെ(വിവിധ അധികാര സ്ഥാനങ്ങളിലേക്കോ സ്ഥാപനങ്ങളിലേക്കോ തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച്) സ്റ്റാറ്റ്യൂട്ടുകളുടെ 88-ാം ഖണ്ഡികയനുസരിച്ചും അതിന്റെ 89-ാം ഖണ്ഡിക പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിച്ചു കൊണ്ടും കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലേക്ക് കേരള നിയമസഭാ സാമാജികരിൽ നിന്നും തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു;

കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലെ ജനറൽ വിഭാഗത്തിലെ നാല് ഒഴിവുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കേരള നിയമസഭാംഗങ്ങളിൽ നിന്നും പ്രസ്തുത സർവ്വകലാശാലയുടെ അധികാര പരിധിയിൽപ്പെട്ട സമ്മതിദായകരെ പ്രതിനിധീകരിക്കുന്ന സാമാജികരിൽ നിന്ന് ഒരു തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

1. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദേശകനോ 2026 സെപ്റ്റംബർ 9-ാം തീയതി ബുധനാഴ്ചക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവ് ദിവസമൊഴികെ) പകൽ 11 മണിക്കും 3 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് (റൂം നമ്പർ 510, ഒന്നാം നില) നാമനിർദേശപത്രികകൾ വരണാധികാരിക്ക് സമർപ്പിക്കാവുന്നതാണ്.

2. നാമനിർദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ <u>സ്ഥലത്തും</u> <u>സമയത്തും</u> ലഭിക്കുന്നതാണ്.

3. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2026 സെപ്റ്റംബർ 10-ാം തീയതി വ്യാഴാഴ്ച പകൽ 11 മണിക്ക് നാമനിർദേശപത്രികകൾ സൂക്ഷ്മപരിശോധനയ്ക്ക് എടുക്കുന്നതും സാധുവായി നാമനിർദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ്

അന്നുതന്നെ നിയമസഭാ മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

4. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദേശകനോ 2026 സെപ്റ്റംബർ 16-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് സമർപ്പിക്കാവുന്നതാണ്.

5. സാധുവായി നാമനിർദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ്2026 സെപ്റ്റംബർ 17-ാം തീയതി വ്യാഴാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിലും നിയമസഭാ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

6. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2026 സെപ്റ്റംബർ 18-ാം തീയതി വെള്ളിയാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

7. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കുന്നതിനുള്ള അവസാന തീയതിയും സമയവും 2026 ഒക്ടോബർ 3-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

8. വോട്ടുകളുടെ സൂക്ഷ്മപരിശോധനയും എണ്ണലും 2026 ഒക്ടോബർ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് (റൂം നമ്പർ 510, ഒന്നാം നില) നടത്തുന്നതാണ്.

ഷാജി സി. ബേബി,
വരണാധികാരി &
സെക്രട്ടറി-ഇൻ-ചാർജ്,
കേരള നിയമസഭ.